**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**21 December 2018**
**13 Rabi'ul Aakhir 1440 AH**

## "Divine Favours, Signs & Revelations"
## ദൈവീക അനുഗ്രഹങ്ങളും അടയാളങ്ങളും വെളിപാടുകളും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ദൈവീക അനുഗ്രഹങ്ങളും അടയാളങ്ങളും വെളിപാടുകളും** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ് ! സുമ്മഅൽഹംദുലില്ലാഹ് ! ഇൻഡ്യയിലെ തമിഴ്നാട്ടിലും കേരളത്തിലുമായി കഴിഞ്ഞ ഒരു മാസം ചെലവഴിച്ച ശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ മൗറിഷ്യസിൽ മടങ്ങി എത്തി. പ്രസ്തുത സന്ദർശനത്തിലുടനീളം ദൈവീകാനുഗ്രഹങ്ങളാലും അനുകൂല്യങ്ങളാലും ദൃഷ്ടാന്തങ്ങളാലും വെളിപാടുകളാലും സമ്പന്നമായിരുന്നു. ഇൻഡ്യാസന്ദർശന വേളയിൽ എനിക്കും എന്റെ കുടുംബത്തിനും മുന്തിയപരിഗണന നല്കിയ എന്റെ പ്രീയ അനുചരന്മാർക്കെല്ലാം ഞാൻ പ്രത്യേകം നന്ദിപറയുന്നു. അല്ലാഹു (ത)അവന്റെ അനുഗ്രഹവർഷം നിങ്ങളുടെ മേൽചൊരിയട്ടെ. നിങ്ങൾക്കവൻ വലിയ വലിയ അടയാളങ്ങളും വെളിപാടുകളും നല്കി വീണ്ടും വീണ്ടും നിങ്ങളെ അനുഗ്രഹിക്കട്ടെ! ആമീൻ.

അല്ലാഹു (ത) നമ്മുടെമേൽ ചൊരിയുന്ന അനുഗ്രഹങ്ങളെപ്പറ്റി നാം സദാ ഓർത്തിരിക്കേണ്ടതാണ്. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറ

യുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണിനോക്കുന്ന പക്ഷം അതെണ്ണിതിട്ടപ്പെടുത്തുവാൻ നിങ്ങൾക്ക് സാധ്യമല്ല 16:19

അല്ലാഹു(ത) നമ്മുടെ മേൽ ചൊരിയുന്ന അനുഗ്രഹങ്ങളെ നമുക്ക് ഒരിക്കലും എണ്ണിതിട്ടപ്പെടുത്തുവാൻ സാധ്യമല്ല. ഇപ്പോഴത്തെ ദൈവീ കദൃഷ്ടാന്തത്തിന്റെ ആരംഭം മുതൽ അതായത് ജമാഅത്ത് അഹ്മദിയ്യാ അൽമുസ്ലിമീൻ എന്ന രൂപത്തിലും തുടർന്ന് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എന്ന നിലയിലും എണ്ണമറ്റ അനുഗ്രഹങ്ങൾ അവൻ എല്ലാ വർക്കും ചൊരിഞ്ഞിട്ടുണ്ട്. ചിലർ അതിനെ തങ്ങളുടെ ജീവിതത്തിന്റെ സത്തയാക്കിമാറ്റി. മറ്റു ചിലരാകട്ടെ അതിനെ തിരസ്ക്കരിക്കുകയും ചെയ്തു.

ഇപ്പോൾ അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് ! ഇപ്പോൾ എന്റെ ഇൻഡ്യാ സന്ദർശനവേളയിൽ, തമിഴ്നാട്ടിലും, കേരളത്തിലുമുള്ള എന്റെ അനുചരന്മാർ, എന്റെ മേലും അവരുടെ മേലും ഇറങ്ങുന്ന മഹത്തായ ദൈവീക വെളിപാടിനു സാക്ഷ്യം വഹിക്കുകയുണ്ടായി. അവർക്കുവേണ്ടി നാം ചെയ്ത ദുആയുടെ ഫലമായി അല്ലാഹു(ത) എനിക്ക് ദൈവീക വെളിപാടുകൾ ഇറക്കുന്ന രംഗം, നേരിട്ടു കാണുകയും സാക്ഷ്യം വഹിക്കുകയും ചെയ്തു. വൈദേശിക ഭാഷയിൽപോലും ദൈവീക വെളിപാടുകൾ അവതരിക്കപ്പെട്ടു. അല്ലാഹു അക്ബർ!

തീർച്ചയായും ഇത് അല്ലാഹു(ത) യുടെ സത്യമായ അനുഗ്രഹം തന്നെയാണ്. അല്ലാഹുവിൽ നിന്നുള്ള വെളിപാടുകൾ അതിലൂടെ അല്ലാഹു സംസാരിക്കുന്നു. അഥവാ അവൻ അവന്റെ സന്ദേശത്തെ എത്തിക്കുന്നു. അവന്റെ വാക്കുകളിലൂടെ അവന്റെ ദാസന്മാരെ അവൻ ആശ്വസിപ്പിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തിൽ അടിയുറച്ചു നില്ക്കുന്നവർക്ക് എന്റെ സത്യതയ്ക്കുള്ള ദൃഷ്ടാന്തമെന്ന നിലയിൽ അവരുടെ മേൽ

പ്രത്യേകമായ അനുഗ്രഹങ്ങൾ ഇറങ്ങുന്നതാണ്. അൽഹംദുലില്ലാഹ്! അല്ലാഹു (ത) എന്റെ പ്രാർത്ഥനകൾ ശ്രദ്ധിക്കുന്നു. അതിൻ ഫലമായി എന്റെ ചില അനുചരന്മാർക്ക് വെളിപാടുകൾ ലഭിക്കുന്നു. എന്റെ സാന്നിധ്യത്തിൽ അനുഗ്രഹീത സ്വപ്നദർശനങ്ങൾ അവർക്ക് ലഭിക്കുന്നു. ഞാൻ അവരിൽ നിന്നും മടങ്ങി മൗറിഷ്യസിൽ എത്തികഴിഞ്ഞശേഷവും അവർക്ക് അവ തുടരുന്നു. അല്ലാഹു (ത) എന്റെ അനുചരന്മാർക്കെല്ലാം ബോധനവും മാർഗ്ഗദർശനവും നല്കുന്നത് തുടർന്നുകൊണ്ടിരിക്കട്ടെ! ഇൻഡ്യയിലായാലും ശരി, ലോകത്തിന്റെ മറ്റുഭാഗങ്ങളിലായാലും ശരി എല്ലാ നിലയിലും അവരെ അവന്റെ യഥാർത്ഥദാസന്മാരാക്കി നില നിർത്തട്ടെ! ആമീൻ.

നിങ്ങളുടെ മേൽ ചൊരിഞ്ഞ പ്രസ്തുത അമാനത്തിനെ നിങ്ങൾ എപ്പോഴും കാത്തുസൂക്ഷിച്ചുകൊള്ളണം. നിങ്ങളുടെ ഈമാനെ നിങ്ങൾ നല്ലനിലയിൽ സംരക്ഷിച്ചുകൊള്ളണം. നിങ്ങൾ അല്ലാഹുവിന്റെ ആത്മീയ ഏണിയിൽ കയറിക്കൂടുവാൻ കഠിനമായി ശ്രമിക്കണം. അങ്ങനെ അല്ലാഹുമായി വളരെ സാമീപ്യത്തിലെത്തിച്ചേരണം. ഈ കാലഘട്ടത്തിലെ ദൈവീക അനുഗ്രഹത്തെ അംഗീകരിച്ചതിലൂടെ, ഖലീഫത്തുല്ലാഹ് എന്ന നിലയിലും ദൈവദൂതൻ എന്ന നിലയിലുമള്ള എന്റെ വരവിനെ (അംഗീകരിച്ചതിലൂടെ) നിങ്ങൾക്കെല്ലാപേർക്കും അല്ലാഹു (ത) പ്രത്യേകമായി അനുഗ്രഹം ചൊരിഞ്ഞിരിക്കുകയാണ്. എന്നാൽ അതു സംരക്ഷിക്കേണ്ടത് നിങ്ങളുടെ ബാധ്യതയാണ്. അതിനായി നിങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ അടിയുറപ്പിച്ചു നില്ക്കേണ്ടതാണ്. എല്ലാ അവസരങ്ങളിലും നിങ്ങൾ അല്ലാഹുവിനോട് നന്ദിഉള്ളവരായിരിക്കണം. അഗ്നിപരീക്ഷണഘട്ടങ്ങളിലും നിങ്ങൾ ഉറച്ചുതന്നെ നിലകൊള്ളണം.

അൽഹംദുലില്ലാഹ്! അത്ഭുതകരമായ നിലയിൽ ഇൻഡ്യയിലും മറ്റിടങ്ങളിലും നിങ്ങളും എണ്ണം ദിവസംതോറും വർദ്ധിച്ചുകൊണ്ടിരിക്കു

കയാണ്. ലോകത്തിലെ മറ്റു മതവിശ്വാസികളുമായി താരതമ്യം ചെയ്യുമ്പോൾ, നമ്മുടെ എണ്ണം വളരെ കുറവാണ്. വിശ്വാസികളുടെ ഒരു ചെറുസൈന്യമാണ്. നിങ്ങൾ മനസ്സിലാക്കുക, നമ്മോടൊപ്പം അല്ലാഹുവും അവന്റെ മാലാഖമാരുമുണ്ട്. ഇന്ന് നാം കുറവായിരിക്കാം. എന്നാൽ നാളെ നിങ്ങൾ ആയിരങ്ങളും ലക്ഷങ്ങളുമായി മാറാം. അപ്പോൾ വിശ്വാസപരീക്ഷണങ്ങളുണ്ടാകാം. സാത്താന്റെ കടന്നാക്രമണങ്ങളിൽ നിന്നും അല്ലാഹു(ത) അവന്റെ ദാസന്മാരെ എന്നെന്നും സംരക്ഷിക്കുന്നതാണ്. വിശ്വാസത്തിന്റെ കാലചക്രം ഇങ്ങനെയാണ് പ്രവർത്തിക്കുന്നത്. ആദ്യം റുഹൂൽ ഖുദ്സുമായി ദൈവദൂതൻ വരുന്നു വെളിപാടുകളും പരിശുദ്ധാത്മാവും അദ്ദേഹത്തിന്റെ വഫാത്തിനുശേഷം, അദ്ദേഹത്തിന്റെ യഥാർത്ഥ അനുയായി, അദ്ദേഹത്തിന്റെ ദൗത്യം ഏറ്റെടുക്കുന്നു. വിജയത്തിന്റെ ചിലപടവുകൾ ചവിട്ടിക്കയറുന്നു. എന്നാൽ അതേതുടർന്ന് കുഴപ്പം പടർന്നുകയറുന്നു.അല്ലാഹുവിലുള്ള വിശ്വാസ പ്രകാശത്തിനെ സംരക്ഷിക്കുവാൻ അല്ലാഹു(ത) അവന്റെ പ്രതിനിധികളെ പരിഷ്ക്കർത്താക്കളായും ദൂതന്മാരായും അയയ്ക്കുന്നു. ഇസ്ലാമിനെ ഉയർത്തിപിടിക്കുവാനായി ഭൂമുഖത്ത് യഥാർത്ഥ വിശ്വാസം സ്ഥാപിക്കുവാനായി ! ഇതാണ് അല്ലാഹു(ത)യുടെ നടപടിക്രമം. അല്ലാഹുവിന്റെ വാഗ്ദാനം ഒരിക്കലും വൃഥാവിലാവുകയില്ല അൽഹംദുലില്ലാഹ്!

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എന്ന് നാം പറയുമ്പോൾ, അവന്റെ ദാസന്മാരുടെ ഹൃദയങ്ങൾ തുറന്നുകൊടുത്ത്, അല്ലാഹു(ത) നല്കുന്ന മഹത്തായ പാതയെകുറിച്ചും നാം ഓർക്കേണ്ടതാണ്. അങ്ങനെ അവൻ ഹിദായത്ത് അവർക്ക് നല്കുന്നു. (യഥാർത്ഥമായ മാർഗ്ഗദർശനവും പ്രസ്തുത മാർഗദർശനം പിൻതുടരുവാനുള്ള ശക്തിയും പ്രദാനം ചെയ്യുക) ഞാൻ ഇൻഡ്യയിലായിരുന്നപ്പോൾ, എന്റെ കയ്യിൽ ബൈഅത്ത് ചെയ്ത എല്ലാവരെയും അവൻ അനുഗ്രഹിക്കട്ടെ. പ്രസ്തുത ബൈഅ

ത്തിൽ ഭൂമിയിലെ അവസാന ശ്വാസം വരെയും ഉറച്ചുനില്ക്കുവാനുള്ള തൗഫീഖ് നല്കി അനുഗ്രഹിക്കട്ടെ ആമീൻ.

നിങ്ങൾ ഓർക്കുക! ബൈഅത്ത് എന്നാൽ നിങ്ങളുടെ ആത്മാക്കളെ അല്ലാഹുവിനു വേണ്ടിയും അവന്റെ ദൂതനുവേണ്ടിയും വില്ക്കലാകുന്നു. പകരം നിങ്ങൾക്കു നല്കുന്നത് ആത്മീയ പ്രതിഫലങ്ങളും അനന്തമായ സമാധാന സൗഭാഗ്യജീവിതവുമാകുന്നു. ആരാണോ അവരുടെ ബൈഅത്തിൽ നിഷ്ക്കളങ്കരായി നിലകൊള്ളുന്നത്, അവരുടെ ഭൂമിയിലെ അവസാനശ്വാസം വരെയും, അവർക്ക് അതിനപ്പുറത്ത് സ്വർഗ്ഗത്തിന്റെ ഉന്നതികൾ, ഏറ്റവും അനുഗ്രഹപ്രദമായ നിലയിൽ, അല്ലാഹു (ത) നല്കുന്നതായിരിക്കും. അത്തരം ആളുകൾക്കായി, അവന്റെ സാമീപ്യവും അനന്തമായ സ്നേഹവായ്പും മുൻകൂട്ടികരുതിവെച്ചിരിക്കുകയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പുതുതായി പ്രവേശിക്കുന്നവർ, അവരുടെ ജീവിതം നന്നാക്കി എടുക്കാവാൻ, കഠിനമായി യത്നിക്കേണ്ടതാണ്. ശരിയായ ഇസ്ലാം അവരിലൂടെ പ്രതിഫലിക്കേണ്ടതാണ് ഇൻശാഅല്ലാഹ്!

ഓർക്കുക! ഒരു പുതിയ നൂറ്റാണ്ട് ഉദയം ചെയ്തിരിക്കുന്നു. അതുകൊണ്ട് തന്നെ നിങ്ങളുടെ ജീവിതത്തിൽ ഒരുനൂതന തുടക്കം അനിവാര്യമാകുന്നു. ഇപ്പോൾ നിങ്ങൾ, അല്ലാഹുമായി ഭക്തിപുരസ്സരം ചേർന്നുനില്ക്കുന്നവരോടൊപ്പം ചേർന്നിരിക്കുകയാണ്. അല്ലാതെ മറ്റൊന്നിനോടുമല്ല ! ഖലീഫത്തുല്ലായോടൊപ്പം അതേ മുഹ്യ്ദ്ദീൻ ശൈഖിനോടൊപ്പം ചേർന്ന അനുചരന്മാരോടൊപ്പം നിങ്ങളും ചേർന്നിരിക്കുകയാണ്. അങ്ങനെ നിങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ ആശ്ലേഷിച്ചിരിക്കുകയാണ്. അത് നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവം തന്നെയാകുന്നു.

ഇതൊരു വിപ്ലവകരമായ ചലനം തന്നെയാണ് അഥവാ സമുദായ

ത്തിനുമേൽ വിധിക്കപ്പെട്ട കാര്യമാകുന്നു. പരിശുദ്ധ ഇസ്ലാമിന്റെ പരിശുദ്ധപ്രവാചകൻ(സ)യുടെ കാലം മുതൽ തന്നെ നല്കിയ സുവിശേഷമാണത്. മഹനീയമായ ആത്മീയ പുനർജനനം. അത് സന്തോഷിക്കേണ്ടതും ഓർക്കേണ്ടതുമാണ്.

ആത്മാവിനെ അന്വേഷിക്കുന്ന ഗൗരവതരമായ ചർച്ചകൾ നടക്കുന്ന ഒരുകാലഘട്ടത്തിലാണ് നിങ്ങൾ ജീവിക്കുന്നത്. സത്യസന്ധതയോടെ സ്വയം വിലയിരുത്തൽ നടത്തി നിങ്ങളുടെ സകലകഴിവുകളും കൂട്ടിച്ചേർത്തു തീരുമാനിക്കുക. അല്ലാഹുവിന്റെ ഇച്ഛയ്ക്കായി, നിങ്ങളെ എല്ലാനിലയിലും, അവനായി സമർപ്പിക്കേണ്ടതാണോ എന്ന് ? അതെ, നിങ്ങൾ ഇപ്പോൾ മുതൽ ഒരു വ്യത്യസ്ത മനുഷ്യനാണ്. നിങ്ങളുടെ ചുറ്റുമുള്ള മനുഷ്യരിൽ നിന്നും തികച്ചും വിഭിന്നമായ ഒരാൾ! അത് ഈ ലോകത്തിന്റെ മുൻപാകെ  നിങ്ങൾ തെളിയേക്കേണ്ടതാണ്. അതായത് നിങ്ങൾ പുനഃജനിച്ചിരിക്കുകയാണ്. അതായത് നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നു. അല്ലാഹു തിരിച്ച് നിങ്ങളെയും! നിങ്ങൾ മാനവകുലത്തെ സ്നേഹിക്കുന്നു. തിരിച്ച് അവർ നിങ്ങളെ സ്നേഹിക്കുന്നോ ഇല്ലയോ എന്ന് പരിഗണിക്കാതെ! നിങ്ങൾക്ക് എന്തെല്ലാം ഉണ്ടോ അതെല്ലാം അല്ലാഹുവിന്റേതാണ്. അവൻ നിങ്ങളുടെ വിനയപൂർവ്വമുള്ള അർപ്പണങ്ങൾ സ്വീകരിക്കുമാറാകട്ടെ ആമീൻ.

പരിശുദ്ധഖുർആൻ പറഞ്ഞുതരുന്ന കാര്യങ്ങൾ ഹൃദയംഗമമായി നടപ്പിൽവരുത്തുവാൻ കഠിനയത്നം ചെയ്യേണ്ടാണ്. എന്നിട്ട് നിങ്ങളുടെ ജീവിതത്തെ, ഇസ്ലാമിന്റെ പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ)യുടെ സുന്നത്തസരിച്ച് രൂപപ്പെടുത്തി എടുക്കേണ്ടതാണ്. കൃത്യമായി അഞ്ച് നേരെ പ്രാർത്ഥന കൃത്യമായി നിർവ്വഹിക്കുക. വിശുദ്ധഖുർആൻ പാരായണം നിത്യശീലമാക്കുക. വിശുദ്ധഖുർആൻ പരിഭാഷയും വ്യഖ്യാനാവും വായിച്ച് മനസ്സിലാക്കുക. (അൽഅസീം തഫ്സീറുൽ ഖുർആൻ)

അല്ലാഹുവിന്റെ സന്ദേശത്തെകുറിച്ച് ഗാഢമായി ചിന്തിച്ചു മനസ്സിലാക്കുവാൻ ശ്രമം തുടർന്നുകൊണ്ടിരിക്കേണ്ടതാണ്.

നിങ്ങളുടെ മതപരമായ അറിവുകൾ വർദ്ധിപ്പിക്കുന്നതിനായി ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സാഹിത്യങ്ങൾ വായിക്കേണ്ടതാണ്. വാഗ്ദത്തമസീഹ് (അ)ന്റെ പുസ്തകങ്ങൾ വായിക്കേണ്ടതാണ്. അൽഅസീം തഫ്സീറുൽ ഖുർആൻ വ്യാഖ്യാനങ്ങൾ വായിക്കേണ്ടതാണ്. നബികരീം (സ)ടെ ഹദീസുകൾ പഠിക്കേണ്ടതാണ്. ഈ വിനീതന്റെ ഗ്രന്ഥങ്ങളും (ഖലീഫത്തുല്ലായുടെ) വെള്ളിയാഴ്ച ഖുത്തുബകളും മറ്റിതരപ്രഭാഷണങ്ങളും വായിക്കേണ്ടതുതന്നെ!

മതവിജ്ഞാനത്താൽ നിങ്ങൾ സമ്പന്നരാകുക. കരുത്തരാവുക. അല്ലാഹുവിനോടുള്ള നിങ്ങളുടെ സ്നേഹാഗ്നി നിങ്ങളിലേക്ക് വലിച്ചു കൊണ്ടുവരിക. അങ്ങനെ നിങ്ങളുടെ ചുറ്റുമുള്ള ലോകത്തെ പ്രകാശിപ്പിക്കുക.അന്ധകാരത്തെ ആട്ടി ഓടിക്കുക. ഖലീഫത്തുല്ലായുടെ യഥാർത്ഥ അനുയായി ആകുന്നതിലൂടെ നിങ്ങൾക്കു മാത്രമെ, ആത്മീയമായി മരണപ്പെട്ടു കിടക്കുന്നവർക്ക് ജീവിതത്തിലേക്കുള്ള ശ്വാസോച്ഛ്വാസം നല്കുവാൻ സാധിക്കുകയുള്ളു.

ആയതിനാൽ ഞാൻ വളരെ ശക്തമായ നിലയിൽ ഉപദേശിക്കുകയാണ്. നിങ്ങളുടെ രാജ്യത്തെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം കേന്ദ്രവുമായി ശക്തമായ നിലയിൽ, നിങ്ങൾ ബന്ധം സ്ഥാപിക്കണം. അതിനു വേണ്ടിയുള്ള അച്ചടക്കം പാലിക്കണം. അമീർസാഹിബുമായി ഹൃദയംഗമമായി ബന്ധം സ്ഥാപിക്കണം. നിങ്ങളുടെ രാജ്യത്തെ സംഘടന തലവനാണദ്ദേഹം! ഇൻശാ അല്ലാഹ്!

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, എന്റെ അനുചരന്മാർ, ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ സാക്ഷികളാണ്. നിങ്ങളെ ദൈവീക അടയാളങ്ങളുടെയും, ദൃഷ്ടാന്തങ്ങളുടെയും സാക്ഷികളാക്കിയിരിക്കുകയാ

ണ്. നിങ്ങളുടെ വിശ്വാസത്തിലൂടെ, മറ്റുള്ളവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്നവരാണ്. നിങ്ങളുടെ പ്രയത്നങ്ങളിലൂടെയും ത്യാഗങ്ങളിലൂടെയുമാണ് പ്രസ്തുത സത്യപ്രകാശം കാണിക്കപ്പെടുന്നത്. ഈ അനുഗൃഹീതവഴിയിലൂടെ ഈ ദൈവീക സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കുവാൻ ദൈവം നിങ്ങളെ പ്രാപ്തമാക്കട്ടെ. ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തങ്ങളുടെ ചെറിയ സന്ദേശവാഹകരമാണ് നിങ്ങൾ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലൂടെ- അതെ, അല്ലാഹുവാണ് അവൻ ഉദ്ദേശിക്കുന്നവർക്ക് മാർഗ്ഗദർശനം നല്കുന്നത്. അല്ലാഹു(ത) ഉദ്ദേശിക്കുകയാണെങ്കിൽ, നിങ്ങളുടെ ഏറ്റവും വലിയ ശത്രു നാളെ നിങ്ങളുടെ ഏറ്റവും വലിയ മിത്രമായി മാറിയേക്കാം. ആയതിനാൽ നിങ്ങൾ എല്ലായ്പ്പോഴും യഥാർത്ഥ മുസ്ലിംകളെപോലെ, ഏറ്റവും നന്നായി പെരുമാറുക. നിങ്ങളുടെ വാക്കിലും പ്രവർത്തിയിലും നിങ്ങൾ എപ്പോഴും വിനയം കൈക്കൊള്ളുക. നിങ്ങളുടെ ഇസ്ലാം നിങ്ങൾ മറ്റുള്ളവർക്ക്, സത്യത്തിലേക്കുള്ള മാർഗദർശനമായി ഭവിക്കട്ടെ! നിങ്ങൾ നന്മയുടെ മാതൃകകളാവുക. എനിക്കറിയാം നിങ്ങൾക്ക് 100% അങ്ങനെ ആയിതീരാൻ കഴിയില്ലാ എന്ന്! എന്നാൽ നിങ്ങൾ പൂർണ്ണതയ്ക്കായി പരിശ്രമിക്കുക. അങ്ങനെ നിങ്ങൾ അല്ലാഹുവിന്റെ സംതൃപ്തി നേടിയെടുക്കുക. ഈ വഴിയിലുള്ള നിങ്ങളുടെ പ്രയത്നം ഒരിക്കലും വൃഥാവിലാവുകയില്ല. ഇൻശാ അല്ലാഹ് !

മുആദ് ഇബ്ന് ജബൽ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രവാചകൻ(സ) അദ്ദേഹത്തിന്റെ കരം പിടിച്ചുകൊണ്ടു പറഞ്ഞു. അല്ലെയോ ! മുആദേ! അല്ലാഹു സത്യമായി ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. എന്നിട്ടദ്ദേഹം പറഞ്ഞു. ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. അല്ലയോ മുആദേ! ഓരോ നമസ്ക്കാരത്തിലും ഇങ്ങനെ പ്രാർത്ഥിക്കുവാൻ വിട്ടുപോകരുത്! അല്ലാഹുവേ! നിന്നെ ഓർക്കുവാൻ എന്നെ സഹായിക്കേണമെ! ശരിയായ നിലയിൽ നിനക്ക് ഇബാദത്ത് ചെയ്യുവാൻ എന്നെ

സഹായിക്കേണമെ! (അബൂദാവൂദ്, അന്നസാഇൗ)

അല്ലാഹുവിനെ സദാഓർക്കുക, അപ്പോൾ അല്ലാഹു നിങ്ങളെയും ഓർക്കുന്നതാണ്. എല്ലാ അനുഗ്രഹങ്ങൾക്കും നിങ്ങൾ അവനോട് നന്ദി യുള്ളവരായിരിക്കുക, നിങ്ങളുടെ ജീവിതത്തിലെ പ്രയാസഘട്ടത്തിൽ പോലും നിങ്ങൾ നന്ദി പ്രകടിപ്പിക്കുക. അത്ഭുതകരമായ നിലയിൽ, അവൻ നിങ്ങളുടെ പ്രയാസങ്ങളെ നീക്കം ചെയ്യുന്നതാണ്. നിങ്ങ ളുടെ വഴികളിലെ പ്രയാസങ്ങളെ കാണുമ്പോഴും നിങ്ങൾ നന്ദിയുള്ള വരായിരിക്കുക. അവൻ നിങ്ങളുടെ തടസ്സങ്ങളെ എല്ലാം അത്ഭുതകര മായ നിലയിൽ, നീക്കം ചെയ്ത് വിജയത്തിന്റെ വഴി തുറന്നുതരുന്ന താണ്. നിങ്ങൾ അല്ലാഹുവിനോടും, അവന്റെ ഖലീഫയോടും, അവന്റെ വഴിയിലുള്ള പ്രയത്നത്തോടും നിഷ്ക്കളങ്കമായി സമീപിക്കുക. എനിക്ക് നിങ്ങൾക്കു നല്കുവാനുള്ള ഉപദേശം ഇതാണ്. ഇത് സ്വീക രിച്ചാൽ നിങ്ങൾ എല്ലായ്പ്പോഴും, അല്ലാഹുവിൽ നിന്നുള്ള അനുഗ്ര ഹങ്ങൾ, ആസ്വദിച്ചുകൊണ്ടിരിക്കും, അവൻ നിങ്ങൾക്കു നല്കുന്ന അനുഗ്രഹങ്ങൾ, നിങ്ങൾക്ക് എണ്ണിതിട്ടപ്പെടുത്താവതല്ല. എന്റെ ഈ വിനീതമായ ഉപദേശങ്ങൾ നിങ്ങൾ ശ്രദ്ധിച്ചാൽ, നിങ്ങൾ ആത്മീയ മായി വളരെ വളരെ മുന്നോട്ടുപോകുന്നതാണ്.

ഓർക്കുക, ഭക്ഷണം നിങ്ങളുടെ ശരീരത്തിനു മാത്രം മതിയാകു ന്നതല്ല. ഭക്ഷണം നിങ്ങളുടെ ആത്മാവിനും അനിവാര്യമാകുന്നു. ആത്മാവിന്റെ ആഹാരം ഇബാദത്താകുന്നു. അതായത് ആരാധനയാ കുന്നു. ഓർക്കുക, മാലാഖമാർ സൃഷ്ടിക്കപ്പെട്ടത് പ്രകാശത്താലാകു ന്നു. എന്നാൽ അവർക്ക് അല്ലാഹുവിനെ ആരാധിക്കുന്നതിൽ ഒരു ക്ഷീ ണവും അനുഭവപ്പെടുന്നവരല്ല. അതുപോലെ, നിങ്ങൾ മനസ്സിലാ ക്കേണ്ട ഒരു കാര്യം, ആത്മാവ് അല്ലാഹുവിന്റെ സത്തയുടെ ഒരുഭാഗ

മാകുന്നു. അല്ലാഹുമായി അതിന് ബന്ധമുണ്ട്. അതിന്റെ ഉയർച്ചയ്ക്ക് അല്ലാഹുമായി പ്രസ്തുതബന്ധം ഉണ്ടാകേണ്ടതുണ്ട്. അതിന് അഭിവൃദ്ധിപ്പെടുന്നതിനും, ജീവിക്കുന്നതിനും, സൗഭാഗ്യത്തിലെത്തിച്ചേരുന്നതിനും ! ഈ പ്രത്യേകമായ ഔന്നത്യം ലഭിക്കുവാൻ, അതിന് പ്രത്യേകമായ ഒരു ബന്ധം അനിവാര്യമാകുന്നു. എന്റെ ആത്മാർത്ഥ അനുചരന്മാർക്കും അനുയായികൾക്കും അതുണ്ടാകുവനാണ് ഞാൻ ആഗ്രഹിക്കുന്നത്. നിങ്ങൾ അല്ലാഹുവിനുവേണ്ടി ഉള്ളവരാകുക. അല്ലാഹു നിങ്ങൾക്കു വേണ്ടിയുള്ളവനായി തീരട്ടെ! ആരാധനയിൽ നിങ്ങൾ അല്ലാഹുവിനോട് വിശ്വസ്തത പുലർത്തുക. ഇൻശാ അല്ലാഹ് ! നിങ്ങൾ വിജയത്തിൽ നിന്നും വിജയത്തിലേക്ക് മുന്നേറുന്നതാണ്. ഇതാണ് നിങ്ങൾക്കു വേണ്ടിയുള്ള എന്റെ പ്രാർത്ഥന!

അല്ലാഹു(ത) നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെയും, അല്ലാഹുവിന്റെ യഥാർത്ഥ വിശ്വാസികളെയും, യഥാർത്ഥമായ ഇസ്ലാമിനെയും ലോകത്തിന്റെ എല്ലാ കോണുകളിലും അവൻ അഭിവൃദ്ധിപ്പെടുത്തട്ടെ.

ഇൻശാ അല്ലാഹ് ! ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*